**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ഓർഡർ... ഓർഡർ... 2023 സെപ്റ്റംബർ 13-ാം തീയതി നിയമസഭ പാസ്സാക്കുകയും 2023 നവംബർ 12-ാം തീയതി ഗവർണറുടെ അനുമതി ലഭിക്കുകയും നവംബർ 15-ാം തീയതി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്റ്റ് 2024 ജൂൺ 27-ാം തീയതിയാണ് സഭയുടെ മേശപ്പുറത്തു വച്ചതെന്നും ഇക്കാര്യത്തിൽ നീണ്ടകാലതാമസം ഉണ്ടായിട്ടുണ്ടെന്നും ഇതൊഴിവാക്കാൻ ശക്തമായ നിർദ്ദേശം നൽകേണ്ടതാണെന്നുമാണ് ശ്രീ. എ. പി. അനിൽകുമാർ ചട്ടം 303 പ്രകാരം ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭിച്ച ഈ ആക്റ്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി 2024 ജൂൺ 15-ാം തീയതി നിയമസഭയിൽ ലഭ്യമാക്കിയ വേളയിൽത്തന്നെ ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിൽ ഒരു ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതുസാഹചര്യത്തിലായിരുന്നു എന്നത് സംബന്ധിച്ച് നേരിട്ട് ഹാജരായി വിശദീകരിക്കുവാൻ നിയമവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഗവർണറുടെ അനുമതി ലഭിച്ച ഈ നിയമത്തിന്റെ മൂലഭാഷയായ മലയാളത്തിലുള്ള വിജ്ഞാപനം 2023 നവംബർ 15-ാം തീയതി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അതിന്റെ ഇംഗ്ലീഷിലുള്ള ആധികാരിക പകർപ്പുകൂടി പ്രസിദ്ധീകരിച്ചതിനുശേഷം ഒരുമിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്ക് ലഭ്യമാക്കാം എന്ന് കരുതിയതുമൂലമാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടതെന്നാണ് നിയമ സെക്രട്ടറി നേരിട്ട് ഹാജരായി വിശദീകരിച്ചത്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചവരുത്തിയിട്ടില്ലെന്നും സംഭവിച്ച കാര്യങ്ങളിൽ ഖേദം

രേഖപ്പെടുത്തുന്നതായും ഇത്തരം ഗുരുതര വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണെന്നും നിയമ സെക്രട്ടറി അറിയിച്ചിരുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ യാതൊരു കാരണവശാലും ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന കർശന നിർദ്ദേശം അദ്ദേഹത്തിന് നൽകിയിട്ടുമുണ്ട്.

സഭ പാസ്സാക്കിയ ഒരു ബിൽ നിയമമായി പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞാലുടൻ അക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേക്കായി എത്രയുംവേഗം അത് സഭയുടെ മേശപ്പുറത്തു വയ്ക്കുക എന്നത് 1989 മുതൽ നമ്മുടെ സഭയിൽ നടന്നുവരുന്ന ഒരു നടപടിക്രമമാണ്. 1989 ജൂൺ 2-ാം തീയതി അന്നത്തെ സ്പീക്കർ പുറപ്പെടുവിച്ച ഒരു ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ് ഈ നടപടിക്രമം ആരംഭിച്ചത്. പ്രസ്തുത ഡയറക്ഷൻ ചെയറിൽ നിന്നുള്ള മറ്റ് നിർദ്ദേശങ്ങളോടൊപ്പം നമ്മുടെ നടപടി ചട്ടങ്ങളുടെ അനുബന്ധം I-ൽ പതിമൂന്നാമതായാണ് ചേർത്തിരിക്കുന്നത്. അത്തരത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന ഒരു നടപടിക്രമവും സഭയുടെ അവകാശവുമാണ് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നത്.

ഭാവിയിൽ ഇതുപോലുള്ള ഗുരുതര വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചെയറിന്റെ നിർദ്ദേശം പ്രത്യേകമായി പുറപ്പെടുവിക്കുന്നതും അത് നടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ള അനുബന്ധം I-ൽ ഉൾപ്പെടുത്തുന്നതുമാണ്. അതോടൊപ്പം ഇക്കാര്യം ഒരു ചട്ടവ്യവസ്ഥയായി നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം കൂടി പരിശോധിക്കുന്നതുമാണ്. ഓർഡർ....ഓർഡർ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞകാര്യം വളരെ പ്രസക്തമാണ്. റൂൾസിൽ ഒരു ക്ലാരിറ്റിയില്ല. ഇത് ഇൻഡിപെൻഡന്റായി നിൽക്കുകയാണ്. രണ്ടാമത് അമെന്റ്മെന്റ് വന്നപ്പോൾ, തിരിച്ച് ഗവർണർ അയയ്ക്കുന്നത് ടേബിളിൽ വയ്ക്കണം എന്നതിനേ ക്ലാരിറ്റിയുള്ളൂ. അതുകൊണ്ട് അതിലൊരു ക്ലാരിറ്റി വരുത്തുന്ന രീതിയിൽ ഒരു അമെന്റ്മെന്റ് കൂടി വന്നാൽ കുറെക്കൂടി നന്നായിരുന്നു.

മി. സ്പീക്കർ: ഇവിടെ കൃത്യമായി ചെയർ റൂളിംഗ് നൽകിയിട്ടുണ്ട്. അനുബന്ധം I-ൽ ഉൾപ്പെടുത്തുന്നതാണ്. ഏതായാലും ഇത്തരം വീഴ്ചകൾ ഒരു

കാരണവശാലും ഉണ്ടാകുന്നതല്ല. ഇക്കാര്യം ചട്ടവ്യവസ്ഥയായി നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യംകൂടി പരിശോധിക്കുന്നതാണ്.

ശ്രീ. പി. രാജീവ്: സർ, ശ്രീ. എ. പി. അനിൽ കുമാർ ചൂണ്ടിക്കാട്ടിയതുപോലെ, ഇപ്പോഴുള്ള നിർദ്ദേശത്തിലും നമുക്ക് നിർദ്ദേശങ്ങളൊന്നും ലംഘിച്ചെന്ന് പറയാൻ കഴിയില്ല. കീഴ്വഴക്കം മാത്രമെ പറയാൻ കഴിയൂ. നിർദ്ദേശത്തിലും  അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഒരു സമയം പറഞ്ഞിട്ടില്ല. നിലവിലുള്ള നിർദ്ദേശവും ലംഘിക്കപ്പെട്ടിട്ടില്ല.  എന്നാൽ ഇതാണ് കീഴ്വഴക്കം. നിർദ്ദേശത്തിൽ അടിയന്തരമായി ഈ റൂളിംഗിന്റെ ഭാഗമായി ഇൻകോർപ്പറേറ്റ് ചെയ്യാവുന്നതാണ്. ചട്ടം പിന്നീട് നമുക്ക് ഭേദഗതി ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: കീഴ്വഴക്കം ലംഘിക്കപ്പെട്ടുവെന്നുള്ളതാണ്.